GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/08/2026

1 സംസ്ഥാനത്ത് 2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷുറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയതായി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത അർഹരായ എല്ലാ കർഷകർക്കും സെപ്റ്റംബർ 5-നകം AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കാം.

2 കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ(കെപ്കോ) ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കെപ്കോ ചിക്കൻ, മൂല്യ വർദ്ധിത

ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ഏജൻസികൾ അനുവദിക്കുന്നതിന് വേണ്ടി നിലവിൽ 2 കിലോമീറ്റർ പരിധിയിൽ കെപ്കോ ചിക്കൻ ഏജൻസികൾ ഇല്ലാത്ത തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താൽപ്പര്യമു വ്യക്തികൾ/ സ്ഥാപന ഉടമകൾ സ്വന്തം വിശദാംശങ്ങളും, ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം എന്നിവ വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് പേട്ട – തിരുവനന്തപുരം 695024 മേൽവിലാസത്തിലോ. kepcopoultry@gmail.com എന്ന ഇ-മെയിലിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9809159559. എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3) ക്ഷീരവികസന വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ തീറ്റപ്പുൽ ഘടകത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപ്പര്യമുള്ളവരിൽ നിന്നും ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. 20 സെന്റിന് മുകളിലുള്ള പുൽകൃഷി, തരിശുഭൂമിയിലുള്ള പുൽകൃഷി, ചോളകൃഷി എന്നീ പദ്ധതികളും പുൽ കൃഷിക്ക് വേണ്ടിയുള്ള യന്ത്രവൽകരണ ധനസഹായം, ജലസേചന

ധനസഹായം എന്നിവയും ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ വിതരണ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുന്നതാണ് പുൽകൃഷി വികസന പദ്ധതി. ക്ഷീരവികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ആഗസ്റ്റ് 20 വരെ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവൃത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി 0486222099 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാല സംഘടിപ്പിക്കുന്ന **"സർട്ടിഫൈഡ് പ്രൊഫഷണൽ ഡോഗ് ട്രെയിനിംഗ് പ്രോഗ്രാം – അനുസരണം, ഗ്രൂമിംഗ്, ഡിറ്റക്ഷൻ"** എന്ന ആറാഴ്ച നീളുന്ന പരിശീലന പരിപാടിയിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ, പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകുന്ന ഈ പരിപാടി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരീക്ഷയ്ക്കുശേഷം സർവകലാശാലയുടെ അംഗീകൃത നായ പരിശീലകൻ സർട്ടിഫിക്കറ്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447237868, 9605860005 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5) ലോക പശുദിനത്തോടനുബന്ധിച്ച് **പണം ചുരത്തും പശു** എന്ന വിഷയത്തിൽ **പശുവളർത്തൽ സംരംഭകരുടെ സംഗമവും സെമിനാറും സെപ്തംബർ 1 ന്** ചൊവ്വാഴ്ച കണ്ണൂർ തെക്കിബസാറിലുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. സെമിനാറിൽ കർഷകർക്ക് കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി സംവദിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ബാങ്ക് എന്നിവയുടെ പ്രതിനിധി കൾ അവരവർ മുഖേന നടത്തുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ആദ്യം വിളിക്കുന്ന 100 പേർക്കായിരിക്കും പ്രവേശനം. പങ്കെടുക്കാനാഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും 2026 ആഗസ്റ്റ് 24-ന് വൈകുന്നേരം 04.00 മണിക്ക് മുമ്പ് 0497-2763473 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.